**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 519** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഒ.ഇ.സി.വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിന് ഏർപ്പെടുത്തിയിട്ടുള്ള സീലിംഗ് മൂലമാണ് സ്കോളർഷിപ്പ് പൂർണ്ണമായി വിതരണം ചെയ്യാനാവാത്തത്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഇ-ഗ്രാന്റ് നിർത്തലാക്കുന്നതിലൂടെ അവരുടെ പഠനം തടസപ്പെട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നിലവിൽ അനുവദിച്ചു വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ നിർത്തുന്നതല്ല. ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ ഇളവ് നൽകുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ